# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5996

08.07.2013 ൽ മറുപടിക്ക്

## കുടുംബശ്രീ മുഖേനയുള്ള വിവിധ പ്രവർത്തനങ്ങൾ

| | ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) | സംസ്ഥാനത്തെ കുടുംബശ്രീ പ്രവർത്തകർക്കായി ഒരു വർഷത്തിനകം ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുമെന്ന് സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രിയുടെ 2013 മെയ് 12 ലെ പ്രഖ്യാപന പ്രകാരം നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു ; | എ) ഒരുലക്ഷം പേർക്ക് തൊഴിൽ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കുടുംബശ്രീ 15 -ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് സംഘടിപ്പിച്ച വികസന ക്യാമ്പെയിന്റെ ഭാഗമായി എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും ഓറിയന്റേഷൻ ട്രെയിനിംഗും എല്ലാ കുടുംബശ്രീ മെമ്പർ സെക്രട്ടറിമാർക്കും ഇതിനു വേണ്ട പരിശീലനങ്ങളും നല്കിയിട്ടുണ്ട്. ഇതു കൂടാതെ ടാർജറ്റ് തിരിച്ച് തുടർ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുടുംബശ്രീ അംഗങ്ങൾക്ക് വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ധ്യ പരിശീലനം നല്കി അതുവഴി തൊഴിൽ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് വിദഗ്ധ പരിശീലനം നല്കുന്നതിനുള്ള ഏജൻസികളെ കണ്ടെത്തി ചുമതല ഏല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ആയതു പ്രകാരം ബഡ്സ് സ്കൂളിന്റെ പ്രവർത്തനം സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളിൽ വ്യാപിച്ചു ; | ബി)എറണാകുളം ജില്ലയിലെ കുന്നത്തുനാട്, ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം നോർത്ത് എന്നീ പഞ്ചായത്തുകളിൽ കുടുംബശ്രീ മേൽനോട്ടത്തിൽ ബഡ്സ് സ്കൂളുകൾ പുതുതായി ആരംഭിച്ചു. |
| സി) | അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളെയും കുടുംബശ്രീയുടെ കീഴിൽ കൊണ്ടു വന്നിട്ടുണ്ടോ; വിശദമാക്കുമോ ; | സി) അർഹതപ്പെട്ട 90 ശതമാനത്തിലധികം കുടുംബങ്ങളേയും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഭാഗമാക്കാൻ സാധിച്ചിട്ടുണ്ട്. ഇനിയും ബാക്കിയുള്ള കുടുംബങ്ങളെ കണ്ടെത്തുകയും അവരെ സംഘടനയുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| ഡി) | എത്ര ഹെക്ടർ തരിശു ഭൂമി കൃഷിയോഗ്യമാക്കി ; എവിടെയെല്ലാം; വിശദമാക്കുമോ ; | ഡി) കുടുംബശ്രീയുടെ സംഘകൃഷിയിലൂടെ 432 ഹെക്ടർ തരിശു നിലം തിരുവനന്തപുരം ജില്ല ഒഴിച്ച് മറ്റു ജില്ലകളിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ കൃഷിയോഗ്യമാക്കി. |

| | | |
|---|---|---|
| ഇ) | അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്ക് സംരക്ഷണവും നിയമസഹായവും ലഭിക്കുന്ന വിധത്തിൽ തുടങ്ങാമെന്ന് പ്രഖ്യാപിച്ച അഭയ കേന്ദ്രങ്ങൾ ആരംഭിച്ചുവോ ; എങ്കിൽ എവിടെയെല്ലാം ; വ്യക്തമാക്കുമോ ; | ഇ) ആരംഭിച്ചിട്ടില്ല. എന്നാൽ അഭയ കേന്ദ്രങ്ങൾ ആരംഭിക്കുന്ന് തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിൽ കേന്ദ്രങ്ങൾക്കായുള്ള കെട്ടിടങ്ങൾ കണ്ടെത്തുകയും സേവനദാതാക്കൾ, കൗൺസിലർമാർ എന്നിവർക്കായുള്ള എഴുത്തു പരീക്ഷ, അഭിമുഖം, ഗ്രൂപ്പ് ചർച്ച എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നിയമനങ്ങൾ എത്രയും വേഗം നടത്തുന്നതാണ്. |
| എഫ് | നിലവിൽ സംസ്ഥാനത്ത് കുടുംബശ്രീ മുഖേന എത്ര ഹെക്ടർ തരിശു ഭൂമി കൃഷിയോഗ്യമാക്കി മാറ്റി ഏതൊക്കെ വിധത്തിലുള്ള കൃഷികൾ നടത്തിവരുന്നു ; വിശദമാക്കുമോ ? | 432 ഹെക്ടർ തരിശു ഭൂമി കൃഷിയോഗ്യമാക്കി. തരിശുനിലത്തിൽ നെല്ല്, വാഴ, പച്ചക്കറി ഇത്യാദി വിളകൾ കൃഷി ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ